**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 563** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷത്തിൽ ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചെന്ന് വ്യക്തമാക്കാമോ; ഓരോ കുടുംബത്തിനും ലഭ്യമാക്കിയ റേഷന്റെ അളവ് എത്രയെന്ന് വിശദമാക്കാമോ; | (എ) | 9 തീരദേശ ജില്ലകളിലെയും സിവിൽ സപ്ലൈസിന്റെ ജില്ലാ ഓഫീസുകളിലേയ്ക്ക് ഫിഷറീസിന്റെ അതാത ജില്ലാ ഓഫീസുകളിൽ നിന്ന് സൗജന്യ റേഷന് അർഹരായവരുടെ ലിസ്റ്റ് നൽകിയിട്ടുണ്ട്. ട്രോൾ ബാൻ അവസാനിച്ചതിന് ശേഷം മാത്രമേ എത്ര കുടുംബങ്ങൾ റേഷൻ വാങ്ങിയിട്ടുണ്ടെന്നും ഓരോ കുടുംബത്തിനും ലഭ്യമാക്കിയ റേഷന്റെ അളവും ലഭിക്കുകയുള്ളു. |
| (ബി) | പ്രസ്തുത അൻപത് ദിവസ കാലയളവിൽ റേഷൻ വിതരണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | 2021 – 22 സാമ്പത്തിക വർഷത്തിലെ ട്രോൾ ബാൻ അവസാനിച്ച കഴിഞ്ഞതിനു ശേഷം മാത്രമേ ജില്ലയിൽ നിന്നും സൗജന്യ റേഷൻ വിതരണത്തിന് ചെലവായ തുകയുടെ കണക്ക് ലഭിക്കുകയുള്ളു. അതിനു ശേഷം മാത്രമെ ടി വർഷം എത്ര തുക സൗജന്യ റേഷൻ വിതരണത്തിന് ചെലവഴിച്ചുവെന്ന് കണക്കാക്കാൻ കഴിയുകയുള്ളു. 2021-2022 സാമ്പത്തിക വർഷത്തിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | റേഷൻ വിഹിതം ലഭിക്കാത്തത് സംബന്ധിച്ച് വ്യക്തികളോ, ജനപ്രതിനിധികളോ, സംഘടനകളോ പരാതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ